"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം WM3/12/2024-LSGD

തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 10-01-2024

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് — മാലിന്യമുക്തം നവകേരളം — ബൾക്ക് വേസ്റ്റ് ജെനറേറ്റർ/ ഇതര സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കലിന് മുന്നോടിയായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിർബന്ധമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. 29/12/2023 ലെ മാലിന്യ മുക്തം നവകേരളം രണ്ടാം ഘട്ട അവലോകന യോഗത്തിന്റെ നടപടികുറിപ്പ്

**********************

**"മാലിന്യമുക്തം നവകേരളം"** ക്യാമ്പയിൻറെ ഭാഗമായി മാലിന്യ സംസ്കരണത്തിന് വേണ്ട സംവിധാനങ്ങൾ ബൾക്ക് വേസ്റ്റ് ജെനറേറ്റർ (ഗേറ്റഡ് കോളനികൾ, അപാർട്ട്മെന്റ് കോംപ്ലെക്സുകൾ ഉൾപ്പടെ), ഇതര സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് 2024 ജനുവരി 15-നകം ഭേദഗതി നിയമത്തിന്റെ പശ്ചാത്തലം കൂടി ഉൾപ്പെടുത്തി കൊണ്ട് നോട്ടീസ് കൊടുക്കുന്നതിനും സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കലിന് മുന്നോടിയായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിർബന്ധമാക്കുന്നതിനും സൂചന 1 പ്രകാരം തീരുമാനിച്ചിരുന്നു.

നിലവിൽ മേൽ വിവരിച്ച സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണവുമായി ബന്ധപെട്ട ചുമതലകളെ സംബന്ധിച്ച വ്യവസ്ഥകൾ ഇവയാണ്:

- ഏതൊരു സ്ഥാപനത്തിലും ഉത്ഭവിക്കുന്ന മാലിന്യങ്ങൾ കൃത്യമായ രീതിയിൽ വേർതിരിച്ച് നിർദ്ദേശിക്കുന്ന പ്രകാരം കൈമാറാനുള്ള ഉത്തരവാദിത്തം എല്ലാ മാലിന്യ ഉത്പാദകനും ഉണ്ട്. ഇത് ചെയ്യാതിരിക്കുന്നത് കേരള മുനിസിപാലിറ്റി നിയമത്തിലെ 326സി, 327 വകുപ്പുകളുടെയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എസി, 219ബി വകുപ്പുകളുടെയും ലംഘനവും ശിക്ഷാർഹവുമാണ്.

- ഏതൊരു സ്ഥാപനത്തിലും ഉത്ഭവിക്കുന്ന ഖരമാലിന്യം ഉറവിടത്തിൽ തന്നെ ജൈവം, അജൈവം ആയി തരം തിരിക്കാനും, സൂക്ഷിക്കുവാനും, ഇതിന് വേണ്ട സൌകര്യങ്ങൾ

ഏർപ്പാടാക്കുവാനും എല്ലാ മാലിന്യ ഉത്പാദകനും ചുമതല ഉണ്ട്. കൂടാതെ ജൈവ മാലിന്യം കൃത്യമായ രീതിയിൽ ഉറവിടത്തിലോ, അംഗീകൃത ഏജൻസിക്ക് കൈമാറുന്നതിലൂടെയോ സംസ്കരിക്കാനും ചുമതല ഉണ്ട്. ഇത് ചെയ്യാതിരിക്കുന്നത് കേരള മുനിസിപാലിറ്റി നിയമത്തിലെ 334എ വകുപ്പിന്റെയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219വി വകുപ്പിന്റെയും ലംഘനവും ശിക്ഷാർഹവുമാണ്.

- സ്ഥാപനത്തിൽനിന്നും ഉത്ഭവിക്കുന്ന മലിനജലം ശാസ്ത്രീയമായി സംസ്കരിക്കാനും അത് പുറത്തേക്ക് ഒഴുകുന്നില്ല എന്ന് ഉറപ്പ് വരുത്തുവാനുമുള്ള ചുമതല എല്ലാ മാലിന്യ ഉത്പാദകനും ഉണ്ട്. ഇത് ചെയ്യാതിരിക്കുന്നത് കേരള മുനിസിപാലിറ്റി നിയമത്തിലെ 334എ വകുപ്പിന്റെയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219വി വകുപ്പിന്റെയും ലംഘനവും ശിക്ഷാർഹവുമാണ്.

- തരം തിരിക്കാത്ത ജൈവ അജൈവ മാലിന്യം സ്ഥാപനത്തിന്റെ പരിസരത്തായി വലിച്ചെറിയുകയും/ കൂട്ടിയിട്ട് കത്തിക്കുകയും/ കുഴിച്ചുമൂടുകയും ചെയ്യുന്നത് കേരള മുനിസിപാലിറ്റി നിയമത്തിലെ 340, 335 വകുപ്പുകളുടെയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219ഐ, 219എൻ വകുപ്പുകളുടെയും ലംഘനവും ശിക്ഷാർഹവുമാണ്.

ഇതുമായി ബന്ധപ്പെട്ട് നിയമ ലംഘനങ്ങൾ ഉണ്ടാകുന്ന പക്ഷം മേൽവിവരിച്ച വേസ്റ്റ് ജെനറേറ്റർമാർക്ക് നൽകാവുന്ന മാതൃക നോട്ടീസുകൾ ഈ സർക്കുലറിനോടൊപ്പം ഉൾപ്പെടുത്തുന്നു. ഇവ മാതൃകകൾ മാത്രം ആയതിനാൽ വേണ്ട മാറ്റങ്ങൾ അതാത് വേസ്റ്റ് ജെനറേറ്റർമാരുടെ പ്രത്യേകതകളും കുറ്റകൃത്യങ്ങളും അനുസരിച്ച് കൃത്യമായി ഉൾപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

## നഗരസഭകളിൽ നിന്നും നിയമ ലംഘനം ചെയ്യുവർക്ക് എതിരെ നൽകാവുന്ന നോട്ടീസിന്റെ മാതൃക

______________ നഗരസഭാ - നഗരസഭാ സെക്രട്ടറി കേരള മുനിസിപാലിറ്റി നിയമം, 1994 345എ പ്രകാരം, 326സി/ 327/ 334എ/ 340/ 335/............ വകുപ്പുകളുടെ ലംഘനത്തിനെതിരെ നൽകുന്ന നോട്ടീസ്

# നോട്ടീസ്

നോട്ടീസ് നമ്പർ _____ തിയതി _____

വിഷയം: സ്ഥാപനത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ക്രമീകരിക്കാതിരിക്കുക മുതലായ കുറ്റകരമായ പ്രവൃത്തികൾ ചെയ്തതിനുള്ള ശിക്ഷാ നടപടികൾ സംബന്ധിച്ച്

സൂചന : 1. ശ്രീ/ശ്രീമതി_______ എന്നയാൾ _______ തിയ്യതിയിൽ ഫോൺ മുഖാന്തിരം / നേരിട്ട് / രേഖാമൂലം നൽകിയ പരാതി

2. ______ തീയതിയിലെ ________ സ്ക്വാഡിന്റെ സ്ഥല പരിശോധനാ റിപ്പോർട്ട്

3. ______ തീയതിയിലെ റിപ്പോർട്ട്/സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ______ തിയ്യതിയിലെ നേരിട്ടുള്ള സ്ഥല പരിശോധനാ റിപ്പോർട്ട്

സൂചന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താങ്കൾ ................................., S/o ............................., (മേൽവിലാസം) ....................., ....................................... താഴെ വിശദീകരിച്ചിരിക്കുന്ന കുറ്റകരമായ പ്രവർത്തികൾ ചെയ്തതായി വിവരം ലഭിച്ചിരിക്കുന്നു. ഇവ കേരള മുനിസിപാലിറ്റി നിയമം, 1994 326സി/ 327/ 334എ/ 340/ 335 ............. വകുപ്പുകളുടെ ലംഘനവും ശിക്ഷാർഹവുമാണ്. (താഴെ കൊടുത്തിരിക്കുന്ന രീതിയിൽ പ്രസ്തുത സ്ഥാപനത്തിൽ കാണുന്ന ലംഘനം കൃത്യതയോടെ രേഖപ്പെടുത്തുക. മറ്റെന്തെങ്കിലും ലംഘനം കാണുന്നെങ്കിൽ കൂട്ടിച്ചേർക്കുക)

- പ്രസ്തുത സ്ഥാപനത്തിൽ ഉത്ഭവിക്കുന്ന മാലിന്യങ്ങൾ കൃത്യമായ രീതിയിൽ വേർതിരിച്ച് നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം കൈമാറാതിരിക്കുന്നത് കേരള മുനിസിപാലിറ്റി നിയമം, 1994 326സി, 327 വകുപ്പുകളുടെ ലംഘനമാണ്.

- സ്ഥാപനത്തിൽ ഉത്ഭവിക്കുന്ന ഖരമാലിന്യം ഉറവിടത്തിൽ തന്നെ തരം തിരിക്കാനും സൂക്ഷിക്കുവാനും വേണ്ട സൌകര്യങ്ങൾ ഏർപ്പാടാക്കാത്തതും, ജൈവ മാലിന്യം കൃത്യമായ രീതിയിൽ ഉറവിടത്തിലോ, അംഗീകൃത ഏജൻസിക്ക് കൈമാറുന്നതിലൂടെയോ സംസ്കരിക്കാതിരിക്കുന്നതും, ഇതിന്റെ ഫലമായി പ്രദേശത്ത് ജലം വായു മലിനീകരണം

ഉണ്ടാകുന്നതും കേരള മുനിസിപാലിറ്റി നിയമം, 1994 334എ വകുപ്പിന്റെ ലംഘനമാണ്.

- സ്ഥാപനത്തിൽനിന്നും ഉത്ഭവിക്കുന്ന മലിനജലം ശാസ്ത്രീയമായി സംസ്കരിക്കാത്തതും അത് പുറത്തേക്ക് ഒഴുകാൻ അനുവദിക്കുന്നതും കേരള മുനിസിപാലിറ്റി നിയമം, 1994 334എ വകുപ്പിന്റെ ലംഘനമാണ്.

- തരം തിരിക്കാത്ത ജൈവ അജൈവ മാലിന്യം സ്ഥാപനത്തിന്റെ പരിസരത്തായി വലിച്ചെറിയുകയും/ കൂട്ടിയിട്ട് കത്തിക്കുകയും/ കുഴിച്ചുമൂടുകയും ചെയ്യുന്നത് കേരള മുനിസിപാലിറ്റി നിയമം, 1994 34०, 335 വകുപ്പുകളുടെ ലംഘനമാണ്.

- ..........................................................................................

- ...........................................................................................

മേൽപ്പറഞ്ഞ കുറ്റകൃത്യങ്ങൾ ചെയ്തതായി ബോധ്യപ്പെട്ടതിനാൽ താങ്കൾക്കെതിരായി നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. താങ്കൾക്കെതിരായി നടപടി സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും ന്യായമായ കാരണമുള്ള പക്ഷം ഇന്നേക്ക് _____ ദിവസത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്.

കൂടാതെ മേൽപ്പറഞ്ഞ ലംഘനങ്ങൾ പരിഹരിക്കുന്നതിനായി വേണ്ട നടപടികൾ (ജൈവ മാലിന്യം- _____ ദിവസത്തിനകം/ അജൈവ മാലിന്യം- _____ ദിവസത്തിനകം/ ദ്രവമാലിന്യം ______ ദിവസത്തിനകം) സ്വീകരിക്കേണ്ടതാണ്. ഈ രീതിയിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടില്ലാത്ത പക്ഷം ഇനി ഒരു അറിയിപ്പ് കൂടാതെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പടെയുള്ള നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ KMA വകുപ്പ് 538ബി പ്രകാരം നഗരസഭയ്ക്ക് നേരിടുന്ന എല്ലാവിധ ഡിപ്പാർട്ട്മെന്റൽ ചെലവുകൾ ഉൾപ്പടെ സകലവിധ കഷ്ടനഷ്ടങ്ങളും പൊതുനികുതി കുടിശ്ശികയെന്ന പോലെ ഈടാക്കുന്നതുമാണ്.

സ്ഥലം: ശ്രീ/ ശ്രീമതി ................................

തീയതി: സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ)

**ഗ്രാമ പഞ്ചായത്തുകളിൽ നിന്നും നിയമ ലംഘനം ചെയ്തവർക്ക് എതിരെ നൽകാവുന്ന നോട്ടീസിന്റെ മാതൃക**

---

______________ ഗ്രാമ പഞ്ചായത്ത് - സെക്രട്ടറി കേരള പഞ്ചായത്ത് രാജ് നിയമം, 1994 219വൈ പ്രകാരം 219എസി/ 219ബി/ 219എൻ/ 219ഐ/ 219വി/ ………… വകുപ്പുകളുടെ ലംഘനത്തിനെതിരെ നൽകുന്ന നോട്ടീസ്

**നോട്ടീസ്**

നോട്ടീസ് നമ്പർ _____ തിയതി _____

വിഷയം: സ്ഥാപനത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ക്രമീകരിക്കാതിരിക്കുക മുതലായ കുറ്റകരമായ പ്രവൃത്തികൾ ചെയ്തതിനുള്ള ശിക്ഷാ നടപടികൾ സംബന്ധിച്ച്

സൂചന : 1. ശ്രീ/ശ്രീമതി_______ എന്നയാൾ _______ തിയ്യതിയിൽ ഫോൺ മുഖാന്തിരം / നേരിട്ട് / രേഖാമൂലം നൽകിയ പരാതി

2. ______ തീയതിയിലെ ________ സ്ക്വാഡിന്റെ സ്ഥല പരിശോധനാ റിപ്പോർട്ട്

3. ______ തീയതിയിലെ റിപ്പോർട്ട്/സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ

______ തിയ്യതിയിലെ നേരിട്ടുള്ള സ്ഥല പരിശോധനാ റിപ്പോർട്ട്

സൂചന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താങ്കൾ ..............................., S/o ............................., (മേൽവിലാസം) ...................., ..................................... താഴെ വിശദീകരിച്ചിരിക്കുന്ന കുറ്റകരമായ പ്രവർത്തി ചെയ്തതായി വിവരം ലഭിച്ചു. ഇത് കേരള പഞ്ചായത്ത് രാജ് നിയമം, 1994 219എസി/ 219ബി/ 219എൻ/ 219ഐ/ 219വി ............ വകുപ്പുകളുടെ ലംഘനവും ശിക്ഷാർഹവുമാണ്. (താഴെ കൊടുത്തിരിക്കുന്ന രീതിയിൽ പ്രസ്തുത സ്ഥാപനത്തിൽ കാണുന്ന ലംഘനം കൃത്യതയോടെ രേഖപ്പെടുത്തുക. മറ്റന്തെങ്കിലും ലംഘനം കാണുന്നെങ്കിൽ കൂട്ടിച്ചേർക്കുക)

- പ്രസ്തുത സ്ഥാപനത്തിൽ ഉത്ഭവിക്കുന്ന മാലിന്യങ്ങൾ കൃത്യമായ രീതിയിൽ വേർതിരിച്ച് നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം കൈമാറാതിരിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം, 1994 219എസി, 219ബി വകുപ്പുകളുടെ ലംഘനമാണ്.

- സ്ഥാപനത്തിൽ ഉത്ഭവിക്കുന്ന ഖരമാലിന്യം ഉറവിടത്തിൽ തന്നെ തരം തിരിക്കാനും സൂക്ഷിക്കുവാനും വേണ്ട സൌകര്യങ്ങൾ ഏർപ്പാടാക്കാത്തതും, ജൈവ മാലിന്യം കൃത്യമായ രീതിയിൽ ഉറവിടത്തിലോ, അംഗീകൃത ഏജൻസിക്ക് കൈമാറുന്നതിലൂടെയോ സംസ്കരിക്കാതിരിക്കുന്നതും, ഇതിന്റെ ഫലമായി പ്രദേശത്ത് ജലം വായു മലിനീകരണം ഉണ്ടാകുന്നതും കേരള പഞ്ചായത്ത് രാജ് നിയമം, 1994 219വി വകുപ്പിന്റെ ലംഘനമാണ്.

- സ്ഥാപനത്തിൽനിന്നും ഉത്ഭവിക്കുന്ന മലിനജലം ശാസ്ത്രീയമായി സംസ്കരിക്കാത്തതും അത് പുറത്തേക്ക് ഒഴുകാൻ അനുവദിക്കുന്നതും കേരള പഞ്ചായത്ത് രാജ് നിയമം, 1994 219വി വകുപ്പിന്റെ ലംഘനമാണ്.

- തരം തിരിക്കാത്ത ജൈവ അജൈവ മാലിന്യം സ്ഥാപനത്തിന്റെ പരിസരത്തായി വലിച്ചെറിയുകയും/ കൂട്ടിയിട്ട് കത്തിക്കുകയും/ കുഴിച്ചുമൂടുകയും ചെയ്യുന്നത് കേരള പഞ്ചായത്ത് രാജ് നിയമം, 1994 219ഐ, 219എൻ വകുപ്പുകളുടെ ലംഘനമാണ്.

- ..............................................................................
.......

- ..........................................................................................

മേൽപ്പറഞ്ഞ കുറ്റകൃത്യങ്ങൾ ചെയ്തതായി ബോധ്യപ്പെട്ടതിനാൽ താങ്കൾക്കെതിരായി നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. താങ്കൾക്കെതിരായി നടപടി സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും ന്യായമായ കാരണമുള്ള പക്ഷം ഇന്നേക്ക് _____ ദിവസത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്.

കൂടാതെ മേൽപ്പറഞ്ഞ ലംഘനങ്ങൾ പരിഹരിക്കുന്നതിനായി വേണ്ട നടപടികൾ (ജൈവ മാലിന്യം- _____ ദിവസത്തിനകം/ അജൈവ മാലിന്യം- _____ ദിവസത്തിനകം/ ദ്രവമാലിന്യം- _____ ദിവസത്തിനകം) സ്വീകരിക്കേണ്ടതാണ്. ഈ രീതിയിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടില്ലാത്ത പക്ഷം ഇനി ഒരു അറിയിപ്പ് കൂടാതെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പടെയുള്ള നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ KPR വകുപ്പ് 21ഠ പ്രകാരം പഞ്ചായത്തിന് നേരിടുന്ന എല്ലാവിധ ഡിപ്പാർട്ട്മെന്റൽ ചെലവുകൾ ഉൾപ്പടെ സകലവിധ കഷ്ടനഷ്ടങ്ങളും പൊതുനികുതി കുടിശ്ശികയെന്ന പോലെ ഈടാക്കുന്നതുമാണ്.

സ്ഥലം: ശ്രീ/ ശ്രീമതി ................................

തീയതി: സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ(ൻ)

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 10-01-2024 18:57:50
സെക്ഷൻ ഓഫീസർ.

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
ഡയറക്ടർ ജനറൽ , കില

പകർപ്പ്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്